പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6505

21/11/2019-ൽ മറുപടിയ്ക്ക്

## വേങ്ങര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വേങ്ങര നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്ക് അനുമതി നൽകിയതിന്റെ വിശദാംശവും വെളിപ്പെടുത്താമോ;

(എ) പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ / 3 കോടി രൂപ / 1 കോടി രൂപ എന്നിങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വേങ്ങര GBVHSS | 5 കോടി |
| ഒതുക്കുങ്ങൽ GHSS | 3 കോടി |
| GVHSS വേങ്ങര | 3 കോടി |
| GMUPS ചേറൂർ | 3 കോടി |
| GHS കറുക | 3 കോടി |
| GHS കോലപ്പുറം | 1 കോടി |
| GUPS മുണ്ടോത്തുപറമ്പ് | 1 കോടി |
| GUPS ചോലക്കുണ്ട് | 1 കോടി |
| GMUPS കണ്ണമംഗലം | 1 കോടി |

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഇനി പൂർത്തിയാക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(ബി) ഇതിൽ 5 കോടി പദ്ധതിയിലുൾപ്പെട്ട വേങ്ങര GBVHSS 85% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒതുക്കുങ്ങൽ GHSS-ലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. GVHSS വേങ്ങര സ്കൂൾ, കറുക, ചേറൂർ എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി ആയി INKEL നെയും, കണ്ണമംഗലം,

മുണ്ടോത്തുപറമ്പ, കോലപ്പുറം, ചോലക്കുണ്ട് എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV യായി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) 2018-19-ലെ ബഡ്ജറ്റിൽ പരാമർശിച്ചതനുസരിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി മുഖേന വേങ്ങര നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ഭരണാനുമതി നൽകിയതിനു ശേഷം ഇതിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാമോ? | (സി) 2018-19-ലെ ബഡ്ജറ്റിൽ പരാമർശിച്ച തനുസരിച്ച് പശ്ചാത്തല സൗകര്യവികസ നത്തിനായി 3 കോടി രൂപ വീതം അനുവദിച്ച GHS കറുക, GMUPS ചേറൂർ എന്നീ സ്കൂളുകൾക്ക് SPV ആയി INKEL-നെയും അടിസ്ഥാന സൗകര്യവികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ച കണ്ണമംഗലം, കോലപ്പുറം, ചോലക്കുണ്ട്, മുണ്ടോത്തുപറമ്പ എന്നീ സ്കൂളുകളുടെ എസ്.പി.വി ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Namitha P

**സെക്ഷൻ ഓഫീസർ**